പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1418 22. 03. 2013- ലെ മറുപടി

## വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ വിശദാംശം

ചോദ്യം

ഉത്തരം

ശ്രീ. എം. ഹംസ

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ബി) ഓരോ വിദേശ രാജ്യത്തും ജോലി ചെയ്യുന്ന മലയാളികളുടെ കണക്ക് വ്യക്തമാക്കാമോ;

(എ & ബി) വ്യക്തമായ കണക്ക് ലഭ്യമല്ല. എങ്കിലും തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം തയ്യാറാക്കിയ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സർവ്വേ - 2011 പ്രകാരം വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ ഏകദേശമായ കണക്ക് ചുവടെ ചേർക്കുന്നു

| രാജ്യങ്ങൾ | പ്രവാസികളുടെ എണ്ണം |
|---|---|
| യു. എ. ഇ. | 883313 |
| സൌദി അറേബ്യ | 574739 |
| ഒമാൻ | 195300 |
| കുവൈറ്റ് | 127782 |
| ബഹ്റൈൻ | 101556 |
| ഖത്തർ | 148427 |
| മറ്റ് പൂർവ്വേഷ്യൻ രാജ്യങ്ങൾ | 6696 |
| യു. എസ്. എ. | 68076 |
| കാനഡ | 9486 |
| യുണൈറ്റഡ് കിങ്ഡം | 44640 |
| യൂറോപ്പിലെ മറ്റ് രാജ്യങ്ങൾ | 10602 |
| ആഫ്രിക്ക | 12834 |
| സിംഗപ്പൂർ | 11160 |
| മാലദ്വീപ് | 7254 |
| മലേഷ്യ | 13392 |
| മറ്റ് സൌത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങൾ | 16182 |
| ആസ്ട്രേലിയ/ ന്യൂസീലാൻഡ് | 24552 |
| മറ്റ് രാജ്യങ്ങൾ | 24552 |
| ആകെ | **2280543** |

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾക്കായി കേരള സർക്കാർ എന്തെല്ലാം സേവനങ്ങൾ ഒരുക്കിയിട്ടുണ്ട്;

(സി) പ്രവാസി മലയാളികൾ വിദേശ രാജ്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിന് കേരള സർക്കാർ നോർക്ക വകുപ്പ് മുഖാന്തിരം സേവനങ്ങൾ നൽകിവരുന്നു. കൂടാതെ അവർ വിദേശത്തായിരിക്കുമ്പോൾ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് നോർക്ക വകുപ്പ് വിവിധ വകുപ്പുകൾ മുഖേന പരിഹാരം കണ്ടെത്തുന്നതിന് സഹായം നൽകിവരുന്നു.

(ഡി) പ്രവാസി മലയാളികൾക്കായുള്ള നിയമം എന്നാണ് കേരള നിയമസഭ പാസാക്കിയത്;

(ഡി) 2009 – ജനുവരി 12 – നാണ് 2009 – ലെ 10 - ാം ആക്ടായ "2008 – ലെ പ്രവാസി ക്ഷേമ ആക്ട് " ബഹു. കേരള നിയമസഭ പാസാക്കിയത്.

(ഇ) ഈ നിയമത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിയമ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ;

(ഇ)പ്രസ്തുത നിയമത്തിലെ വളരെ ചുരുക്കം ചില പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) സോമാലിയയിലെ കടൽ കൊള്ളക്കാർ മലയാളികളെ തടവിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടവിലായവർ ആരെല്ലാം; വ്യക്തമാക്കാമോ;

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ദികളാക്കിയ പ്രവാസി മലയാളികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ഡിബിൻ ഡേവിസ്, അരങ്ങാട്ടുപറമ്പിൽ വീട്, തൃശ്ശൂർ .
2. ശ്രീ. സ്റ്റാൻലി വിൻസെന്റ്, മങ്ങാട്ട് വീട്, തൃശ്ശൂർ .
3. ശ്രീ. മനീഷ് മോഹൻ , മനീശാലയം, കൊല്ലം.
4. ശ്രീ. അർജ്ജുൻ , അഞ്ജനാലയം, തിരുവനന്തപുരം.
5. ശ്രീ. മിഥുൻ കെ. സി., കോട്ടകത്തിന്മേൽ വീട്, പാലക്കാട്.

(ജി) ഇവരെ മോചിപ്പിക്കുവാൻ നടത്തിയ പരിശ്രമങ്ങൾ വിശദീകരിക്കാമോ; മോചിപ്പിക്കുന്നതിനായുള്ള ഉപാധികൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(ജി) ബന്ദികളാക്കപ്പെട്ട വിവരം അറിവായതു മുതൽ നാളിതുവരെ കേന്ദ്ര മന്ത്രാലയങ്ങളിലും ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളിലും ഈ സർക്കാർ നിരന്തരം സമ്മർദ്ദം ചെലുത്തുകയുണ്ടായി. എന്നാൽ മോചിപ്പിക്കുന്നതിനുള്ള ഉപാധികളെ സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് ഈ സർക്കാരിന് ലഭ്യമാക്കിയിട്ടില്ല.

കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും കൂട്ടായ തീവ്ര പ്രയത്നങ്ങളുടെ ഫലമായി എല്ലാ മലയാളികളും മോചിതരായി 19/03/2013 – ൽ നാട്ടിലെത്തിയിട്ടുണ്ട്.

(എച്ച്) ഇത്തരം സംഭവങ്ങളിൽ മോചിപ്പിക്കുവാൻ എടുത്ത കാലതാമസം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ മേലിൽ അത്തരം കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

(എച്ച്) വിവിധ രാജ്യങ്ങളുടെ നിയമങ്ങളും അന്താരാഷ്ട്ര നിയമങ്ങളും അതിലംഘിച്ചാണ് സോമാലിയൻ കടൽകൊള്ളക്കാർ നിയമവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നത്. ആയതിനാൽ ഇവർക്കെതിരെ സൈനിക നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ ഉടനടി ഫലപ്രദമാകുന്നില്ല എന്നു കാണുന്നു. നിയമവാഴ്ചയ്ക്ക് അതീതരായാണ് കടൽകൊള്ളക്കാർ പ്രസ്തുത ധ്വംസനപ്രവർത്തനങ്ങൾ നടത്തുന്നത്. വിദേശകാര്യ മന്ത്രാലയം, ആഭ്യന്തരമന്ത്രാലയം, ഷിപ്പിംഗ് മന്ത്രാലയം, പ്രവാസികാര്യ മന്ത്രാലയം എന്നിവയുടെ ഒരു ഇന്റർ മിനിസ്റ്റീരിയൽ ഗ്രൂപ്പ് രൂപീകരിച്ച് ഇത്തരം സന്ദർഭങ്ങളിൽ കാലതാമസം കൂടാതെ പ്രശ്നപരിഹാരം കാണുന്നതിന് കേന്ദ്ര സർക്കാർ ശ്രമിക്കുന്നുണ്ട്. എന്നിരുന്നാലും അന്താരാഷ്ട്ര കപ്പൽ മാർഗ്ഗങ്ങളിൽ സോമാലിയൻ കടൽകൊള്ളക്കാരുടെ ആക്രമണം തടയുന്നതിനായി കാലോചിതമായ പരിഷ്കാരങ്ങൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ച് വരുന്നതായി മനസ്സിലാക്കുന്നു.

സെക്ഷൻ ഓഫീസർ